**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ.ഉ (സാധാ) നം 2473/2018/ധന തിരുവനന്തപുരം തിയതി 23/03/2018

---

പരാമർശം :-1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014

2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016
3. സ ഉ ( എം എസ്) 503/2016/ധന തിയതി 21/12/2016
4. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017
5. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017
6. സ ഉ (എം എസ് ) 204/2017/ധന തിയതി 23/03/2017
7. 23/03/2018 തിയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി ബി ടി 10691/2018 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ 2016 ജൂൺ മുതൽ 1000/- രൂപ ആയും 2017 ഏപ്രിൽ മുതൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വർദ്ധിപ്പിച്ച പെൻഷൻ ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം ബാങ്ക് അക്കൗണ്ട് വഴിയോ സഹകരണ സംഘങ്ങൾ വഴി നേരിട്ടോ നൽകി വരുന്നു. 2017 നവംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള 4 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 1948,23,46,200 രൂപ (ആയിരത്തി തൊള്ളായിരത്തി നാല്പത്തിയെട്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ 1948,23,46,200 രൂപ (ആയിരത്തി തൊള്ളായിരത്തി നാല്പത്തിയെട്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഈ ചെലവ് 2018-19 ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതാണ് . ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനിലും 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ 4 മാസത്തേക്ക് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3) ബന്ധപ്പെട്ട ശീർഷകങ്ങളിൽ തുക കുറവുണ്ടാകുന്ന പക്ഷം അധിക ധനാനുമതിക്കായുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 79902100000001 ൽ നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള എസ് ബി അക്കൗണ്ട് നമ്പർ 67234515304 ൽ നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

6) ഈ ഫണ്ട് പിൻവലിക്കൽ എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

| 2017 ഡിസംബർ ,2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| | പെൻഷൻ തരം | ശീർഷകം | ബാങ്ക് | ഡി ടി എച്ച് | ആകെ |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 2235-60-192-50-02 (NP) | 48796000 | 135427600 | 184223600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 2235-02-192-50 (NP) | 81956600 | 102574600 | 184531200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2235-60-192-50 (NP) | 343576200 | 331328800 | 674905000 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-192-50 (NP) | 19206000 | 26650800 | 45856800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-192-48-02 (P) | 603345900 | 633959000 | 1237304900 |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 2235-60-191-50 (NP) | 13939200 | 14317600 | 28256800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 2235-02-191-50 (NP) | 70252300 | 32355200 | 102607500 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2235-60-191-50 (NP) | 322273600 | 102014000 | 424287600 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-191-50 (NP) | 25000800 | 14169100 | 39169900 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-191-48-02 (P) | 478416800 | 219661200 | 698078000 |
| ഗ്രാമ പഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 2235-60-198-50 (NP) | 650543300 | 1250692300 | 1901235600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 2235-02-198-50 (NP) | 621415900 | 692743700 | 1314159600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2235-60-198-50 (NP) | 2376048400 | 1960728000 | 4336776400 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-198-50 (NP) | 115060000 | 141367600 | 256427600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-198-48-02 (P) | 4213144200 | 3841381500 | 8054525700 |
| **ആകെ** | | | **9982975200** | **9499371000** | **19482346200** |